തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

# പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച പ്രതി അറസ്റ്റിൽ

# കത്തി കാണിച്ച് ഭീഷണിപ്പെടുത്തി കവർച്ച നടത്തിയ രണ്ടംഗസംഘം പിടിയിൽ

## തട്ടിക്കൊണ്ടു പോയി മർദ്ദനം – രണ്ട് പ്രതികൾ പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 129 പേർക്കെതിരെ നിയമനടപടി 23,400/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച കേസ്സിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. നെടുങ്കാട് വാർഡിൽ ശബരി നിവാസ് പണയിൽ വീട്ടിൽ ശങ്കർ (29)-നെയാണ് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. പ്രതി പെൺകുട്ടിയുടെ വീട്ടിൽ അതിക്രമിച്ച് കടന്ന് ലൈംഗികമായി ഉപദ്രവിക്കുകയായിരുന്നു. തുടർന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി നടത്തിയ കൗൺസിലിംഗിലാണ് പീഡനവിവരം പുറത്ത് വന്നത്. സംഭവത്തിന് ശേഷം ഒളിവിൽ കഴിഞ്ഞിരുന്ന പ്രതിയുടെ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ മാറനല്ലൂർ അരുവിക്കര ഭാഗത്ത് നിന്നാണ് പോലീസ് പ്രതിയെ ഇന്നലെ



മെഡിക്കൽകോളേജ് പോലീസ് അറസ്റ്റ് ചെയ്ത
ശങ്കർ (29)

പിടികൂടിയത്. മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ ഹരിലാൽ, എസ്.ഐ–മാരായ പ്രശാന്ത്, പ്രിയ, എസ്.സി.പി.ഒ രഞ്ജിത്, സി.പി.ഒ–മാരായ നൗഫൽ, പ്രതാപൻ, വിനീത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്.

**കത്തി കാണിച്ച് ഭീഷണിപ്പെടുത്തി കവർച്ച നടത്തിയ രണ്ടംഗസംഘം പിടിയിൽ**

മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് സമീപം വാഹനത്തിൽ ഇരുന്നയാളെ കത്തി കാണിച്ച് ഭിഷണിപ്പെടുത്തി പണം കവർച്ച ചെയ്ത് കേസ്സിലെ പ്രതികളായ രണ്ടുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി–യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മെഡിക്കൽ കോളേജ് ടാഗോർ ഗാർഡൻസ് തോപ്പിൽ പുതുവൽ പുത്തൻ വീട്ടിൽ അമ്പാടി എന്ന് വിളിക്കുന്ന അരവിന്ദ് രാജ് (21), കുമാരപുരം പടിഞ്ഞാറ്റിൽ ലെയിൻ സി.എസ് നിവാസിൽ ലല്ലു എന്ന് വിളിക്കുന്ന സുജിൻ (24) എന്നിവരെയാണ് മെഡിക്കൽകോളേജ് പോലീസ് അറസ്റ്റ് ചെയ്തത്. 08.11.2020 തീയതി ഉച്ചയ്ക്ക് 2.00 മണിയോടുകൂടിയാണ് കേസ്സിനാസ്പദമായ സംഭവം നടന്നത്. ശ്രീകാര്യം കൈരളി നഗർ സ്വദേശിയായ അമൽഗീതും അച്ഛനുമായി കാറിൽ വരികയും, മെഡിക്കൽ കോളേജ് കെ.എച്ച്.ആർ.ഡബ്ലിയൂ.എസ് പേവാർഡിന് സമീപം കാർ നിർത്തിയശേഷം അമൽഗീതിന്റെ അച്ഛൻ കാറിൽ നിന്നും പുറത്തേയ്ക്ക് ഇറങ്ങിപ്പോയ സമയം



മെഡിക്കൽകോളേജ് പോലീസ് അറസ്റ്റ് ചെയ്ത സുജിൻ @ ലല്ലു (24), അരവിന്ദ് രാജ് @ അമ്പാടി (21)

പ്രതികൾ ഒരു ബൈക്കിൽ കാറിന് സമീപം വന്ന് ഗ്ലാസ്സിൽ തട്ടുകയും, ഗ്ലാസ്സ് തുറന്ന അമൽഗീതിനെ കത്തി കാണിച്ച് ഭീഷണിപ്പെടുത്തി 300/- രൂപ പിടിച്ചുപറിക്കുകയുമായിരുന്നു. സംഭവത്തിന് ശേഷം ബൈക്കിൽ രക്ഷപ്പെട്ട പ്രതികളുടെ ബൈക്ക് നമ്പർ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിൽ വൈകുന്നേരം 6.30 മണിയോട്ടുകൂടി മെഡിക്കൽ കോളേജ് ചാലക്കുഴി ആട്ടോസ്റ്റാൻഡിന് സമീപത്ത് നിന്നും പ്രതികളെ പിടികൂടുകയായിരുന്നു. മെഡിക്കൽ കോളേജ് എസ്.എച്ച്.ഒ ഹരിലാൽ, എസ്.ഐ-മാരായ പ്രശാന്ത്, ജ്യോതിഷ്, എസ്.സി.പി.ഒ-മാരായ രഞ്ജിത്, ജ്യോതി നായർ, സി.പി.ഒ-മാരായ പ്രതാപൻ, വിനീത് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതികളെ പിടികൂടിയത്. പ്രതികളുടെ പേരിൽ മെഡിക്കൽ കോളേജ്, പേട്ട എന്നീ പോലീസ് സ്റ്റേഷനുകളിലായി അഞ്ചോളം കേസ്സുകൾ നിലവിലുണ്ട്.

## തട്ടിക്കൊണ്ടു പോയി മർദ്ദനം - രണ്ട് പ്രതികൾ പിടിയിൽ

ഇടുക്കി സ്വദേശിയായ യുവാവിനെ തട്ടിക്കൊണ്ട് പോയി മർദ്ദിച്ച അഞ്ചംഗസംഘത്തിലെ രണ്ടുപേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മാധവപുരം റെയിൽവേ സ്റ്റേഷന് സമീപം അഭിഭവനിൽ അഭിരാജ് (22), കൊച്ചുവേളി കാട്ടുവിളാകത്ത് വീട്ടിൽ ഉണ്ണികൃഷ്ണൻ (26) എന്നിവരെയാണ് പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്തത്.



പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്ത
അഭിരാജ് (22), ഉണ്ണികൃഷ്ണൻ (26)

തിരുവനന്തപുരത്ത് ലോഡ്ജിൽ വാടകയ്ക്ക് താമസിക്കുന്ന ഇടുക്കി സ്വദേശിയായ ജിജു നായരെയാണ് 08.11.2020 തീയതി വൈകിട്ട് 5.30 മണിയ്ക്ക് പട്ടം എൽ.ഐ.സി ഓഫീസിന് മുൻവശത്ത് നിന്ന് അഞ്ചംഗ സംഘം കാറിൽ തട്ടിക്കൊണ്ടു പോയത്. ജിജു നായരുടെ സാന്നിദ്ധ്യത്തിൽ സുഹൃത്ത് അഭിലാഷ്, പ്രതി അഭിരാജിൽ നിന്നും വാങ്ങിയ പണം തിരികെ നൽകാത്തതിലുള്ള വിരോധത്താലാണ് പ്രതികൾ ഇയാളെ പിടിച്ചു കൊണ്ടുപോയത്. കാറിൽ വച്ച് പ്രതികൾ അഞ്ചുപേരും ചേർന്ന് ജിജു നായരെ ക്രൂരമായി മർദ്ദിക്കുകയായിരുന്നു. പോലീസ് കൺട്രോൾ റൂമിൽ ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് കോവളത്ത് വച്ച് വാഹനം തടഞ്ഞ് പിടികൂടുകയായിരുന്നു. പോലീസ് തടഞ്ഞപ്പോൾ വാഹനത്തിൽ നിന്നും ഓടി രക്ഷപ്പെട്ട മറ്റ് മൂന്നുപേരെ പിടികൂടുന്നതിനായി അന്വേഷണം തുടരുന്നു. പേരൂർക്കട എസ്.എച്ച്.ഒ ഷൈജുനാഥിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് കൺട്രോൾ റൂം പട്രോളിംഗ് പാർട്ടിയുടെ സഹായത്തോടെ പ്രതികളെ പിടികൂടിയത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (09.11.2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 129 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 8 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 104 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 13 പേരിൽ നിന്നുമായി 23,400/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും

കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 2 കടകൾക്കുമെതിരെ ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
09-11-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി